Mathrubhumi മാതൃഭൂമി | Print Edition

Kerala

# മലബാർ സിമിന്റ്സിലെ ക്രമക്കേട്; ആറുപേർക്കെതിരെ വിജിലൻസ് കേസെടുത്തു

ഫ്ളൈ ആഷ് ഇറക്കുമതിയിലെയും മലബാർ സിമന്റ്സ് ഡീലർഷിപ്പ് അനുവദിച്ചതിലെയും ക്രമക്കേടുകളുമായി ബന്ധപ്പെട്ട് രണ്ട് കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

Published: Jul 10, 2016, 01:00 AM IST

T- T T+



**പാലക്കാട്:** മലബാർ സിമിന്റ്സിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിവാദവ്യവസായി വി.എം. രാധാകൃഷ്ണനുൾപ്പെടെ ആറുപേർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു. ഹൈക്കോടതി നിർദേശപ്രകാരമാണ് നടപടി. ഫ്ളൈ ആഷ് ഇറക്കുമതിയിലെയും മലബാർ സിമന്റ്സ് ഡീലർഷിപ്പ് അനുവദിച്ചതിലെയും ക്രമക്കേടുകളുമായി ബന്ധപ്പെട്ട് രണ്ട് കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

ഫ്ലൈ ആഷുമായി ബന്ധപ്പെട്ട ക്രമക്കേടിൽ മുൻ എംഡി. സുന്ദരമൂർത്തി, ലീഗൽ

ഓഫീസർ പ്രകാശ് ജോസഫ്, ആർക് വുഡ് ആൻഡ് മെറ്റൽ എം.ഡി. വി.എം. രാധാകൃഷ്ണൻ, എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. വടിവേലൻ എന്നിവർക്കെതിരെയാണ് എഫ്.ഐ.ആർ. ഈ ഇടപാടിൽ കമ്പനിക്ക് 52.55 ലക്ഷം രൂപ നഷ്ടമായെന്നാണ് കേസ്.

ഡീലർഷിപ്പ് അനുവദിച്ചതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് മലബാർസിമന്റ്സിന്റെ ഇപ്പോഴത്തെ എം.ഡി. കെ. പത്മകുമാർ, ഡെപ്യൂട്ടി മാർക്കറ്റിങ് മാനേജർ ജി. വേണുഗോപാൽ എന്നിവർക്കെതിരെയാണ് കേസ്. 2.7 കോടി രൂപയാണ് ഇതിൽ കമ്പനിക്ക് നഷ്ടംവന്നത്. മലബാർ സിമന്റ്സിൽ നടന്ന ക്രമക്കേടുകളിൽ ഈ ആറുപേർക്കും പങ്കുള്ളതായി നേരത്തേനടന്ന ത്വരിതാന്വേഷണത്തിൽ വിജിലൻസ് കണ്ടെത്തിയിരുന്നു.

തൃശ്ശൂരിലെ മനുഷ്യാവകാശസംരക്ഷണ സമിതിക്കുവേണ്ടി ജോയ് കൈതാരം നൽകിയ പുനഃപരിശോധനാ ഹർജിയിലാണ് ഒരാഴ്ചയ്ക്കകം കേസെടുക്കാൻ ഹൈക്കോടതി വിജിലൻസ് ഡയറക്ടർക്ക് നിർദേശം നൽകിയത്.

2015 ഏപ്രിൽ 16 നാണ് ജോയ് കൈതാരം പരാതിയുമായി വിജിലൻസിനെ സമീപിച്ചത്. കോടികളുടെ ക്രമക്കേട് സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ പരാതിയിലുണ്ടായിരുന്നു. പാലക്കാട് വിജിലൻസിൽനിന്നും വ്യവസായവകുപ്പിൽ നിന്നും മലബാർ സിമന്റ്സിൽനിന്നും വിവരാവകാശപ്രകാരം ലഭിച്ച രേഖകളുടെ അടിസ്ഥാനത്തിലാണ് പരാതി തയ്യാറാക്കിയത്. പാലക്കാട് ജില്ലയുടെ ചുമതലയുണ്ടായിരുന്ന അഡീഷണൽ ഡയറക്ടർ ജേക്കബ് തോമസ് പരാതിസ്വീകരിച്ച അന്നുതന്നെ ത്വരിതപരിശോധനയ്ക്ക് ഉത്തരവിട്ടു. പാലക്കാട് വിജിലൻസ് അന്വേഷിച്ച് ഉടൻ റിപ്പോർട്ട് സമർപ്പിക്കയും ചെയ്തു. അപ്പേഴേക്കും ജേക്കബ് തോമസ്സിന് സ്ഥാനചലനം സംഭവിച്ചിരുന്നു. ഒടുവിൽ കേസെടുക്കുന്നതിനുപകരം റിപ്പോർട്ട് പൂഴ്ത്തിവെക്കയാണുണ്ടായത്.

തുടർന്ന്, വിജിലൻസ് റിപ്പോർട്ടിന്റെ പകർപ്പ് ജോയ് വിവരാവകാശപ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ല. ഒടുവിൽ താൻ കൊടുത്ത പരാതിയുടെയും ത്വരിതപരിശോധന നടത്താൻ ജേക്കബ് തോമസ്സിട്ട ഉത്തരവിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ആവശ്യപ്പെട്ടു. ഇവയുമായാണ് ജോയ് ഹൈക്കോടതിയെ സമീപിച്ചത്. ഇതിന്റെ വിചാരണയ്ക്കിടെ സർക്കാർ അഭിഭാഷകൻ സംഭവത്തിൽ കേസെടുത്തതായി കോടതിയെ ധരിപ്പിച്ചു. ഇതോടെ കേസ് അവസാനിപ്പിക്കാൻ കോടതി തീരുമാനിച്ചു. എന്നാൽ, സർക്കാർ അഭിഭാഷകൻ കോടതിയെ തെറ്റിദ്ധരിപ്പിച്ചതാണെന്നും കേസെടുത്തിട്ടില്ലെന്നും വ്യക്തമാക്കിക്കൊണ്ടാണ് ജോയ് പുനഃപരിശോധനാഹർജി നൽകിയത്.